ശ്രീ. കെ. സുധാകരൻ: കായിക ഉപകരണങ്ങളുടെ ഇല്ലായ്മ ഒരു പ്രശ്നമാണ്. പക്ഷേ ഇതൊക്കെ നേരിട്ടുചെയ്യുന്നതിന് ഗവൺമെന്റിന് പരിമിതികളുണ്ട്. എന്നാൽപോലും കഴിഞ്ഞവർഷം സ്പോർട്ട്സ് കൗൺസിൽ ധാരാളം സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ നൽകി സഹായിച്ചിട്ടുണ്ട്. അതൊരു വലിയ പദ്ധതിയാക്കി മാറ്റാൻ ഗവൺമെന്റ് ശ്രമിക്കും. അതിന്റെ സാമ്പത്തിക ബാധ്യതകൾ പരിഗണിച്ച് പരിമിതിയിൽനിന്നുകൊണ്ട് സഹായിക്കാവുന്ന പരമാവധി സഹായം നൽകാം. ഗവൺമെന്റ് അതിന് നടപടി സ്വീകരിക്കും.

ശ്രീ. എ. എ. അസീസ്: ഗ്രാമീണതലത്തിൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്ന ജോലിയാണ് ഗ്രാമീണതലത്തിലുള്ള സ്പോർട്ട്സ് ക്ളബ്ബുകൾ നടത്തിവരുന്നത്. ഗ്രാമീണതലത്തിൽ പ്രവർത്തിക്കുന്ന സ്പോർട്ട്സ് ക്ളബ്ബുകൾക്ക് ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. കെ. സുധാകരൻ: രജിസ്റ്റേർഡ് ക്ളബ്ബുകളെ സഹായിക്കുന്നതിന് ഒരു ചെറിയ സ്കീം ഇപ്പോൾ നിലവിലുണ്ട്. പരിമിതമാണെന്ന് മാത്രമേയുള്ളൂ. ഇതൊക്കെ നന്നാക്കുന്നതിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രശ്നമാണ് നമ്മുടെ മുമ്പിലുള്ളത്. സ്കീമുകളൊക്കെയുണ്ട്. ഗ്രാമങ്ങളിലെ രജിസ്റ്റേർഡ് ക്ലബ്ബുകളെ സഹായിക്കുന്നതിനുള്ള പദ്ധതി ഇന്ന് സർക്കാരിന്റെ പക്കലുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: കേരളത്തിൽ വളരെ പുരാതനമായി കണ്ടുവരുന്ന കാർഷിക മേളകളുമായി ബന്ധപ്പെടുന്ന കാളപൂട്ട്, മരമടി എന്നീ കായിക വിനോദങ്ങൾ സ്പോർട്ട്സിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. സുധാകരൻ: നാഷണൽ തലത്തിൽ അംഗീകരിച്ച കായിക ഇനങ്ങൾ മാത്രമേ നമുക്ക് ഉൾപ്പെടുത്താൻ സാധിക്കൂ. കാളപൂട്ടും മറ്റ് മൽസരങ്ങളുമൊന്നും നാഷണൽ തലത്തിൽ അംഗീകരിച്ചതല്ല. ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ കാളപൂട്ടൊക്കെ ഗ്രാമങ്ങളിൽ നടത്തി മൽസരം സംഘടിപ്പിക്കേണ്ടതാണ്.

വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ

*3 [418] ശ്രീ. ടി. പി. രാമകൃഷ്ണൻ:

" കെ. രാധാകൃഷ്ണൻ:

" കെ. പി. സതീശ്ചന്ദ്രൻ:

" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി രൂപീകരിച്ച കമ്മിറ്റി എന്നാണ് നിലവിൽ വന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കമ്മിറ്റി നിലവിൽ വന്നതിനുശേഷം അന്യാധീനപ്പെട്ട എത്ര ഏക്കർ വനഭൂമി വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം വനമേഖലകളിൽ നിന്നുമാണ് കയ്യേറ്റക്കാരെ ഒഴിപ്പിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനത്ത് വനം മേഖലയിൽ കയ്യേറ്റം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടി ഫലപ്രദമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ,

(എ) 6-11-2002-ൽ

(ബി) വർഷത്തിൽ രണ്ടു പ്രാവശ്യം യോഗംചേർന്ന് സംസ്ഥാനത്തെ വനം കയ്യേറ്റവും ഒഴിപ്പിക്കലും സംബന്ധിച്ച് അവലോകനം നടത്തുക, ഇക്കാര്യത്തിൽ ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾക്കും നടപടി ക്രമങ്ങൾക്കും രൂപം നൽകുക, വനം കയ്യേറ്റങ്ങൾ യഥാവസരം തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വീഴ്ച വരുത്തുന്ന റവന്യൂ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഫീൽഡ് ഉദ്യോഗസ്ഥൻമാരുടെ ഉത്തരവാദിത്തം നിർണ്ണയിക്കുക എന്നിവയാണ് കമ്മിറ്റിയുടെ ചുമതലകൾ.

(സി) 1929-ഓളം ഏക്കർ ഭൂമി വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) കോട്ടയം, തൃശ്ശൂർ, ഒലവക്കോട്, കണ്ണൂർ, വൈൽഡ് ലൈഫ് പാലക്കാട് എന്നീ വനമേഖലകളിൽ നിന്നുമാണ് കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുള്ളത്.

(ഇ) പൂർണ്ണമായി ഫലപ്രദമായിട്ടില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി രണ്ടു തവണ യോഗംചേർന്ന് നടപടിക്രമങ്ങൾ അവലോകനം ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. 2002 ജൂലായ് മാസത്തിൽ ഉണ്ടായ ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ വനം കയ്യേറ്റക്കാരെ ഒഴിവാക്കുന്നതിന് കോടതിവിധി പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഈ കമ്മിറ്റിയുടെ പ്രവർത്തനം എങ്ങനെ നടപ്പിലാവുന്നുവെന്നത് അവലോകനം ചെയ്യാറുണ്ടോ?

ശ്രീ. കെ. സുധാകരൻ: കേരളത്തിൽ മൊത്തം കയ്യേറ്റ ഭൂമിയിൽ റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ജോയിന്റ് സർവ്വേ നടത്തി കയ്യേറ്റമുണ്ടെന്ന് കണ്ടെത്തുന്ന വനമേഖല ഒഴിപ്പിച്ച് എടുക്കുകയാണ് ചെയ്യുന്നത്. ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ഇന്ന് സംസ്ഥാനത്ത് വളരെ തകൃതിയിൽ നടക്കുകയാണ്. അതിന്റെ ലക്ഷണം ഈ നിയമസഭയിലെതന്നെ ആറേഴ് എം.എൽ.എ.-മാർ ഒഴിപ്പിക്കുന്നതിന് എതിരായ പരാതി വകുപ്പുമന്ത്രി എന്ന നിലയിൽ എന്നോട് പറഞ്ഞുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : ആ എം. എൽ. എ.-മാരുടെ പേരുപറയണം.

ശ്രീ. കെ. സുധാകരൻ: ഞാൻ എന്തിനാണ് പേരുപറയുന്നത്. ആ എം.എൽ.എ.-മാർ ഇവിടെയുണ്ടല്ലോ. വയനാട് മേഖലയിൽ പരാതിയുണ്ട്. മണ്ണാർക്കാട് മേഖലയിൽ പരാതിയുണ്ട്. ഇടുക്കി മേഖലയിൽ പരാതിയുണ്ട്. ആ പരാതികളുമായി ബന്ധപ്പെട്ട എം. എൽ. എ.-മാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വകുപ്പുമന്ത്രി എന്ന നിലയിൽ എന്നേയും കണ്ട് പരാതി പറഞ്ഞിട്ടുണ്ട്. ഇതിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പിന്നോക്കം പോകുവാൻ സാധിക്കുകയില്ല. 1-1-1977-നുശേഷം കയ്യേറിയ എല്ലാ വനഭൂമികളും ഒഴിപ്പിക്കുവാനുള്ള തീരുമാനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: എന്റെ ചോദ്യത്തിൽ ഈ കമ്മിറ്റി എത്ര തവണ ചേർന്നുവെന്നും ആ കമ്മിറ്റിയുടെ പ്രവർത്തന അവലോകനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ചോദിച്ചിരുന്നു. വനം കയ്യേറ്റക്കാരെ സംരക്ഷിക്കുന്നതിന് ഇടവരുത്തുന്ന നിലയിലുള്ള ഒരു മറുപടിയാണ് ആദ്യത്തെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചത്. വയനാട് ജില്ലയിലെ വൈത്തിരിക്കടുത്ത തളിമല പ്രദേശത്തെ മഴക്കാടിൽപ്പെട്ട ഭൂമി പുറത്തുള്ളവർ കയ്യേറി ലക്ഷങ്ങളുടെ അപൂർവ്വ മരങ്ങൾ മുറിച്ചുകൂട്ടുന്നതായി വാർത്ത വരുന്നുണ്ട്. ഇവിടെ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശമെന്ന നിലയിൽ വനം വകുപ്പ് നോട്ടിഫൈ ചെയ്തതും ഏലം രജിസ്ട്രേഷനുള്ളതുമായ ഭൂമിയാണ്. ഈ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരങ്ങൾ വൻതോതിൽ മുറിച്ച് വിൽപ്പന നടത്തുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് മാർക്ക് ചെയ്ത വനങ്ങളിൽനിന്നുപോലും മരങ്ങൾ കടത്തിക്കൊണ്ടുപോയി. ഈ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ദേഹം പറഞ്ഞ പ്രകാരം ഞാൻ അതിനെക്കുറിച്ച് അന്വേഷിക്കാം. അത് സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: കേരളത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെട്ടതാണ് മതികെട്ടാനിലെ വനം കയ്യേറ്റം. ആ വനം കയ്യേറ്റത്തിന് കൂട്ടുനിന്ന വനം, റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് എതിരെ എന്തെങ്കിലും അന്വേഷണം ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ കുറ്റക്കാരെന്ന് ആരെയെങ്കിലും കണ്ടെത്തിയോ; അങ്ങനെ കുറ്റക്കാരെന്ന് കണ്ടെത്തിയ ആളുകളുടെപേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

ശ്രീ. കെ. സുധാകരൻ: അന്ന് അതിനനുബന്ധമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിരുന്നു. സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥരെ കാലപരിധിക്കപ്പുറം പുറത്തുനിർത്തുന്നത് ശരിയല്ല. കീഴ്വഴക്കം അനുവദിക്കില്ല എന്നതുകൊണ്ട്

കോടതിവിധിപ്രകാരം തിരിച്ചെടുത്തിട്ടുണ്ട്. അന്വേഷണം നടക്കുന്നുണ്ട്. അത് സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് ഇനിയും ലഭിച്ചിട്ടില്ല. കുറ്റവാളികളെന്ന് കണ്ടാൽ നിഷ്ക്കരുണം ഗവൺമെന്റ് നടപടി സ്വീകരിക്കും.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> വനംകയ്യേറ്റം വ്യാപകമായി നടക്കുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഹൈക്കോടതി തന്നെ ഇടപെട്ട് എത്ര വനം കയ്യേറി എന്ന് ഗവൺമെന്റിനോട് ചോദിച്ചപ്പോൾ ഗവൺമെന്റ് കൊടുത്ത മറുപടി ഏകദേശം 11,917.894 ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ട് എന്നാണ്. അതിൽ തിരിച്ചുപിടിച്ചത് നാലായിരത്തിൽ ശിഷ്ടം ഹെക്ടർ വനഭൂമിയാണ്. അതിൽ ഏറ്റവും കൂടുതൽ തിരിച്ചുപിടിച്ചതെന്നു പറയുന്നത് മുത്തങ്ങയിലെ പാവപ്പെട്ട ആദിവാസികൾ കയ്യേറിയ 550 ഹെക്ടർ സ്ഥലമാണ്. വനത്തിന്റെ അവകാശികൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന ആദിവാസികൾ കയ്യേറിയ ഭൂമി പിടിച്ചെടുക്കുന്ന കാര്യത്തിൽ വലിയ താൽപ്പര്യം ഈ ഗവൺമെന്റ് കാണിച്ചിട്ടുണ്ട്. എന്നാൽ വമ്പന്മാർ കയ്യേറിയ ആയിരക്കണക്കിന്, പതിനായിരക്കണക്കിന് ഹെക്ടർ ഭൂമി പിടിച്ചെടുക്കാൻ യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. അവരുടെ കേസെല്ലാം നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് പ്ലീഡർമാർ പോരാ, അതുകൊണ്ട് സ്പെഷ്യൽ പ്ലീഡർമാരെ വയ്ക്കണമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പ്ലീഡർമാരെ വച്ച് കേസ് വാദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ആ കേസ് വാദിക്കുന്ന പ്ലീഡർമാർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലെന്നും വനം കയ്യേറ്റക്കാരുടെ ശക്തമായ വാദത്തിനു മുമ്പിൽ അവരെല്ലാം പതറിപ്പോകുന്നു എന്നും വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് സ്പെഷ്യൽ പ്ലീഡർമാരെ, കഴിവുള്ള ആളുകളെ വയ്ക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. സുധാകരൻ:</u> അങ്ങു സൂചിപ്പിച്ച കണക്ക് മൊത്തമായൊരു കണക്കാണ്. നിയമസഭയിൽ അതു പറഞ്ഞു എന്നാണ് എന്റെ ഓർമ്മ. മൊത്തം കയ്യേറിയ വനത്തിനെക്കുറിച്ച് ചോദിച്ചപ്പോഴാണ് ഒരു ലക്ഷത്തി പന്തീരായിരത്തി അറുപത്തിരണ്ട് ഹെക്ടർ വനഭൂമി കയ്യേറി എന്നു പറഞ്ഞത്. കയ്യേറിയ വനമാണെങ്കിൽപ്പോലും 1977-നു മുമ്പുള്ള ഭൂമി എന്ന് ജോയിന്റ് വെരിഫിക്കേഷനിൽ കണ്ടെത്തിയ 70,727 ഏക്കർ ഭൂമി റെഗുലറൈസ് ചെയ്തിട്ടുണ്ട്. 1977-നു മുമ്പ് എന്നു കണ്ടെത്തുകയും എന്നാൽ റെഗുലറൈസ് ചെയ്യാതിരിക്കുകയും ചെയ്യുന്ന 15,000 ഹെക്ടർ ഭൂമി വേറെയുണ്ട്. അതു കഴിഞ്ഞ് പരിശോധന പൂർത്തിയാക്കേണ്ട 9,000 ഏക്കർ വേറെയുണ്ട്. ആക്ച്വലായി കയ്യേറി എന്നു പറയുന്നത് 1977-നു ശേഷം കയ്യേറിയതും ഒഴിപ്പിക്കാൻ ബാക്കിയുള്ളതുമായ ഭൂമി എന്നു പറയുന്നത് 18,000 ഏക്കറാണ്. ഹെക്ടറല്ല. നിങ്ങൾ പറയുന്നതുപോലെ ഒഴിവാക്കിയതിനകത്ത് മുത്തങ്ങ മാത്രമല്ല, മതികെട്ടാൻ ഒഴിപ്പിച്ചതാണ്. വലിയകാവ്-പൊന്നിൻപുഴ വനങ്ങൾ കയ്യേറിയത് നമ്മൾ തിരിച്ചുപിടിച്ചതാണ്. വഴിക്കടവ് റേഞ്ചിലെ കാട്ടുമറ്റം, മധുവനം നമ്മൾ ഒഴിപ്പിച്ചതാണ്. പൂയംകുട്ടി 50 ഏക്കർ നമ്മൾ ഒഴിപ്പിച്ചതാണ്. അതുപോലെ വേറെയും ഒരുപാട് സ്ഥലങ്ങൾ ഓരോ സർക്കിളിലും ഒഴിവാക്കിയതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. സമയമില്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞാൻ വായിക്കുന്നില്ല. അതുകൊണ്ട് ഒഴിപ്പിച്ചത് ചെറുകിട ആദിവാസികളുടെ ഭൂമി മാത്രമാണ് എന്ന വാദം നിരർത്ഥകമാണ്. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ആദിവാസിക്ഷേമ സമിതി കയ്യേറിയ വയനാട്ടിലെ 225 ഹെക്ടർ ഭൂമി ഒഴിപ്പിക്കാത്തത് എന്ന ചോദ്യം പ്രസക്തമാണ്. അതുകൊണ്ട് ആ രീതിയിലുള്ള ഒരു വിശകലനം വേണ്ട. യഥാർത്ഥത്തിൽ ഇവിടെ വനം കയ്യേറിയവർ ആരായാലും അവർ നിഷ്ക്കരുണം മുമ്പോട്ടു പോകുന്നു. പക്ഷേ ഒരുപാട് തടസ്സങ്ങൾ, നിയമപരമായി കോടതികളിലൂടെ ഉണ്ടാകുന്ന തടസ്സങ്ങൾ ബഹുജന പങ്കാളിത്തമുള്ള തടസ്സങ്ങളൊക്കെ സർക്കാരിനു മുമ്പിൽ ഒഴിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്നുണ്ട്. ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കേസ് നടത്തിപ്പിനെക്കുറിച്ച് ഒരു പരാതിയും എവിടേയും കേട്ടിട്ടില്ല. ഒരു പത്രത്തിലും വാർത്തയില്ല. മുമ്പ് അങ്ങു സൂചിപ്പിച്ച വാർത്തകൾ ഉണ്ടായിരുന്നു എന്ന കാര്യം യാഥാർത്ഥ്യമാണ്. കാര്യക്ഷമമായി കേസ് നടത്താനുള്ള സംവിധാനം ഫോറസ്റ്റ് വകുപ്പിന് കോടതികളിലുണ്ട്.

<u>ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:</u> ഒരു പ്രധാനപ്പെട്ട കാര്യം, വനം കയ്യേറ്റം തടയുന്നതിന് വേണ്ടി ചീഫ്സെക്രട്ടറി ചെയർമാനായി രൂപീകരിക്കപ്പെട്ട ഒരു കമ്മിറ്റിയുണ്ട്. അതിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞിട്ടില്ല. 1971-ലെ വനനിയമം പാസ്സായശേഷം സർക്കാരിൽ നിക്ഷിപ്തമായ 27,550 ഏക്കർ വനഭൂമി ട്രിബ്യൂണലുകളിലൂടേയും കോടതി മുഖേനയും സ്വകാര്യ വ്യക്തികൾക്ക് കൈമാറേണ്ടി വന്നിട്ടുണ്ട്. ആധികാരികമായ രേഖയാണ്. 1765 കേസുകളിലാണ് സർക്കാർ പരാജയപ്പെട്ടത്. നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി വളരെ രൂക്ഷമായി വിമർശനം നടത്തി പറഞ്ഞത്, പ്രോസിക്യൂഷനുവേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെ ശുഷ്ക്കാന്തിക്കുറവാണ് ഇതിനു കാരണമെന്നാണ്. പ്രഗൽഭരായ അഭിഭാഷകരെ സർക്കാരിനുവേണ്ടി വാദിക്കുന്നതിനുവേണ്ടി വയ്ക്കാൻ ചീഫ്സെക്രട്ടറി ചെയർമാനായ കമ്മിറ്റി എന്തെങ്കിലും നടപടി രണ്ടു കൊല്ലത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. സുധാകരൻ:</u> ചീഫ്സെക്രട്ടറി ചെയർമാനായ കമ്മിറ്റി പ്രവർത്തനത്തെ ഇവാലുവേറ്റ് ചെയ്യാനുള്ള കമ്മിറ്റിയാണ്. സൂക്ഷ്മമായ നിരീക്ഷണവും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനുമുള്ള കമ്മിറ്റിയാണ്. ഒരു കാര്യം ഞാൻ പറയാം, വനംവകുപ്പിന്റെ കേസ് നടത്തിപ്പിൽ ഇന്ന് എടുത്തുപറയാവുന്ന ഒരു പരാതിക്കും ഇട നൽകാത്തവിധം കേസ് സത്വരശ്രദ്ധയോടുകൂടിയും കാര്യക്ഷമതയോടുകൂടിയും നടത്തുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കണക്കുകൾ പഴയ കണക്കുകളാണ്. പഴയ കാലത്തുണ്ടായ കേസും പഴയ കാലത്തെ ഭൂമി തിരിച്ചുകൊടുത്ത കേസുമാണ് പറഞ്ഞത്. ഇന്നിപ്പോൾ കേസ് നടത്തിപ്പിൽ യാതൊരു അപാകതയുമില്ലെന്ന് ഉറപ്പിച്ചു പറയാൻ എനിക്കു സാധിക്കും. ഈ കമ്മിറ്റി നിലവിൽ വന്നശേഷം ഒരു തവണ മാത്രമേ യോഗം കൂടിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: ഈ കമ്മിറ്റി നിരീക്ഷിച്ചതുകൊണ്ടുമാത്രം ഫലമില്ല. മറ്റൊന്ന്, സൈലന്റ് വാലിയിൽ ഉൾപ്പെടുന്ന വനഭൂമിയുമായി ബന്ധപ്പെട്ട കേസിലെ ആൾ കെ. സി. കെ. മുഹമ്മദ് എന്നാണ് പത്രങ്ങളിലൊക്കെ വന്ന വാർത്തകൾ. വനഭൂമി വിട്ടുകിട്ടുന്നതിനുവേണ്ടി അദ്ദേഹം കോടതിവിധി സമ്പാദിച്ചെടുത്തതായി മാധ്യമങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ചോലവനമായി പ്രഖ്യാപിച്ച മതികെട്ടാൻ മലയിലെ ഭൂമി സുപ്രീംകോടതിയെ സമീപിച്ച് സർക്കാർ അഭിഭാഷകർ ഒത്തുകളിച്ച് അനുകൂലവിധി സമ്പാദിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം പത്രങ്ങളിൽ വളരെ ശ്രദ്ധയോടുകൂടി വന്നതാണ്. ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. സുധാകരൻ: ഈ സ്ഥലത്തെ സംബന്ധിച്ചുള്ള കേസ് സത്യമാണ്. പക്ഷേ ഇന്നുവരേയും ഭൂമി വനംവകുപ്പ് വിട്ടുകൊടുത്തിട്ടില്ല. സൈലന്റ് വാലി പരിസരവുമായി ബന്ധപ്പെട്ടുള്ള ഒരു കേസ് ശ്രീ. കെ.സി.കെ. മുഹമ്മദ്, കോടതിയിൽ പോയി അനുകൂലമായി അദ്ദേഹത്തിന് വിധിയായി. പതിച്ചുകൊടുക്കാത്തതുകൊണ്ട് കൺടെംപ്റ്റ് ഓഫ് കോർട്ട് വന്നതാണ്. എന്നിട്ടുപോലും ഡിപ്പാർട്ട്മെന്റ് ഇപ്പോഴും ഭൂമി വിട്ടുകൊടുക്കാതെ ഫോറസ്റ്റ് വകുപ്പിന്റെ കയ്യിൽ വച്ചുകൊണ്ടുതന്നെ നിയമപരമായി അതിജീവിക്കാനുള്ള ശ്രമവുമായി മുമ്പോട്ടുപോകുകയാണ്. അങ്ങു സൂചിപ്പിച്ച രണ്ടു കേസിലും ഭൂമി ഇതുവരെ വിട്ടുകൊടുത്തിട്ടില്ല. ഇപ്പോഴും സർക്കാരിന്റെ കസ്റ്റഡിയിലാണെന്ന് ഉത്തരവാദിത്വത്തോടുകൂടി ഞാൻ നിയമസഭയെ അറിയിക്കുന്നു.

ശ്രീ. രാജു എബ്രഹാം: അങ്ങ് മുമ്പ് നടത്തിയിട്ടുള്ള രണ്ടു-മൂന്നു പ്രഖ്യാപനങ്ങൾ എവിടെവരെയായി എന്നറിയാൻ താൽപ്പര്യമുണ്ട്. മറയൂരിൽ ചന്ദനംകൊള്ളയെ സംബന്ധിച്ചിടത്തോളം നടത്തിയ അന്വേഷണം, വാഗമൺ ഉളുപ്പൂണി പുള്ളിക്കാനത്ത് സോഷ്യൽ ഫോറസ്ട്രിയുടെ സ്ഥലം കയ്യേറി റിസോർട്ട് സ്ഥാപിച്ചതു സംബന്ധിച്ച്, കോലാഹലമേട്ടിൽ 130 ഏക്കർ കയ്യേറി അവിടെ റിസോർട്ട് സ്ഥാപിച്ചതു സംബന്ധിച്ച് ഒക്കെ അങ്ങ് പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്?

ശ്രീ. കെ. സുധാകരൻ: എന്തു പ്രഖ്യാപനമാണെന്ന് എനിക്ക് മനസ്സിലായില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: നടപടി എടുക്കുമെന്നുള്ളതാണ്.

ശ്രീ. കെ. സുധാകരൻ: ഇതിനെക്കുറിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ അന്വേഷണങ്ങൾ നടത്തി യുക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ ഭൂമികളൊന്നും തന്നെ അന്യാധീനപ്പെട്ടു പോകാനുള്ള സാഹചര്യം വനംവകുപ്പ് ഉണ്ടാക്കിയിട്ടില്ല.

ശ്രീ. രാജു എബ്രഹാം: എന്റെ വനം ഡിവിഷനിൽ മാത്രം 48 കാട്ടാനകൾ കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ ചരിഞ്ഞു. ഇതിൽ പകുതിയോളം ആനകൾ വെടിയേറ്റാണ് ചരിഞ്ഞത്. കൃഷിക്കാരെ വിശ്വാസത്തിലെടുക്കാൻ നമുക്കു കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ കൈവശമുള്ള പട്ടയമുള്ള ഭൂമിയിൽ പോലും അവിടെയുള്ള മരങ്ങൾ മുറിക്കാൻ ഇതുവരെ അനുമതി കൊടുത്തിട്ടില്ല. അവിടെ അപകടങ്ങൾ തുടരുകയാണ്. അതോടൊപ്പം ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്കുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാനും വനംവകുപ്പ് തയ്യാറായിട്ടില്ല. അതുകൊണ്ട് പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാനുള്ള അനുമതി നൽകിക്കൊണ്ട് തീർത്ഥാടകക്ഷേമത്തിന് വേണ്ട സ്ഥലം നൽകിക്കൊണ്ട് നടപടി സ്വീകരിക്കാൻ അങ്ങു നേതൃത്വം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: പട്ടയഭൂമിയിലെ മരം മുറിക്കാൻ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുന്നത് റിസർവ് ലാൻഡിനെക്കുറിച്ചായിരിക്കും. അതു ഡീ-റിസർവ് ചെയ്യണം. ഡീ-റിസർവ്വ് ചെയ്താൽ മാത്രമേ അവിടത്തെ മരം മുറിക്കാൻ ഗവൺമെന്റിന് അനുവാദം നൽകാൻ സാധിക്കുകയുള്ളൂ. മലയോരപ്രദേശത്തെ എം.എൽ.എ.-മാരുടെ നിരന്തരമായ നിവേദനങ്ങൾ മാനിച്ചുകൊണ്ട് അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നു. ശബരിമലയുടെ വികസനത്തിന് വനംവകുപ്പ് എതിരല്ല. പക്ഷേ വനത്തിന് പോറലേൽക്കാതെ വനത്തിന്റെ ജൈവവൈവിധ്യങ്ങൾക്ക് പോറലേൽക്കാതെ ആവാസവ്യവസ്ഥകൾക്ക് പോറലേൽക്കാതെ വിപുലീകരിക്കണം. നടത്തണം. അല്ലാതെ വനംവകുപ്പിന് അംഗീകരിക്കാൻ സാധിക്കുകയില്ല. അതിന് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചാൽ പോലും കേന്ദ്രത്തിന്റെ അംഗീകാരം കിട്ടാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഒരിക്കലും ശബരിമല വികസനത്തിന് വനംവകുപ്പ് എതിരല്ല. പക്ഷേ ന്യായമായ മാർഗ്ഗത്തിലൂടെയുള്ള വികസനത്തിന് വനംവകുപ്പ് അനുമതി നൽകും.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, മതികെട്ടാനിലും സൈലന്റ് വാലിയിലുമെല്ലാം കേസ് നടക്കുന്നുണ്ട്. എങ്കിലും നമ്മുടെ കൈവശമുള്ള ഭൂമിയൊന്നും നമ്മൾ വിട്ടുകൊടുത്തിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചത്. അത്രയും നല്ല കാര്യം തന്നെയാണ്. പക്ഷേ കയ്യേറ്റക്കാർ വളരെ വിദഗ്ദ്ധരും സീനിയറായിട്ടുമുള്ള അഭിഭാഷകരെ വയ്ക്കുമ്പോൾ ഗവൺമെന്റ് ഭാഗത്തുനിന്ന് അതുപോലെ കിടപിടിക്കാവുന്ന വിധത്തിലുള്ള അഭിഭാഷകരെ വച്ച് വാദിക്കാതെ ഭൂമി നമ്മുടെ കയ്യിൽ തന്നെ വച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ കയ്യിലിരിക്കുകയില്ല. അതുകൊണ്ട് സീനിയർ അഭിഭാഷകരെ ചുമതലപ്പെടുത്തി ഈ കേസ് വാദിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിയിട്ടുണ്ടോ, അങ്ങനെ വച്ചിട്ടുള്ള സീനിയർ അഭിഭാഷകരുടെ പേര് സഭയിൽ വെളിപ്പെടുത്താൻ സന്നദ്ധനാണോ?

ശ്രീ. കെ. സുധാകരൻ: പ്രസ്തുത കേസിൽ ഗവൺമെന്റിനുവേണ്ടി ഹാജരായിരിക്കുന്ന സീനിയർ അഭിഭാഷകൻ ആരാണെന്ന് ഇപ്പോൾ വ്യക്തമാക്കാൻ സാധിക്കുകയില്ല. അങ്ങയുടെ റിക്വസ്റ്റ് മാനിച്ചുകൊണ്ട് അങ്ങയെ ഞാൻ അറിയിക്കുന്നതാണ്. ഈ ഗവൺമെന്റ് വന്നശേഷം ആ കേസിൽ മിനിസ്റ്റർ എന്നു

നിലയിൽ ഞാൻ കേസ് ഇവാലുവേറ്റ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ചുചേർക്കാനും അതിനെക്കുറിച്ച് ചർച്ച നടത്താനും കേസിന്റെ പ്രവർത്തനങ്ങൾ ഇവാലുവേറ്റ് ചെയ്യാനുമൊക്കെയുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. ലഭ്യമാകാവുന്ന നിയമപരമായ എല്ലാ നടപടികളും ആ ഭൂമി പരിരക്ഷിക്കാൻ ഗവൺമെന്റ് കൈക്കൊള്ളും.

ശ്രീ. ബി. വിജയകുമാർ: മതികെട്ടാൻമല പോലുള്ള സംഘടിത വനം കയ്യേറ്റത്തെക്കുറിച്ചാണ് ഇവിടെ ചർച്ച നടന്നത്. ഞാൻ 15 വർഷങ്ങൾക്കുമുമ്പ് ശബരിമലയിൽ പോകുമ്പോൾ എരുമേലിയിൽ നിന്നും ഒരു കിലോമീറ്റർ നടന്നാൽ അവിടെ മുഴുവൻ നിബിഡമായ വനഭൂമിയായിരുന്നു. ഇന്ന് ശബരിമലയിലേയ്ക്കു പോകുമ്പോൾ അഴുതാനദിവരെ വനമില്ല, മുഴുവൻ വീടുകളാണ്. എരുമേലി മുതൽ വനംകയ്യേറ്റം നടന്ന അഴുതാനദി വരെ സുഖമായി ഇന്ന് വാഹനത്തിൽ പോകാവുന്ന സിഥിതിയുണ്ട്. ഇങ്ങനെ ശബരിമല വനഭൂമിയുമായി ബന്ധപ്പെട്ട വനഭൂമിപോലും വനംകയ്യേറ്റത്തിലൂടെ നഷ്ടപ്പെടുന്നത് തടയുന്നതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. സുധാകരൻ: ശ്രീ. ബി. വിജയകുമാർ സൂചിപ്പിച്ചത് ഒരു യാഥാർത്ഥ്യമാണ്. സംഘടിതമായ വനംകയ്യേറ്റമില്ലെങ്കിലും ഒറ്റപ്പെട്ട കയ്യേറ്റങ്ങളും ഒറ്റപ്പെട്ട നടപടികളും നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഡിപ്പാർട്ടുമെന്റിന് വിവരം ലഭ്യമാകുന്ന മുറയ്ക്ക് അതിനൊക്കെ നടപടി അപ്പോൾത്തന്നെ സ്വീകരിക്കുന്നുണ്ട്. അപ്പോൾത്തന്നെ അവരെ ഇറക്കാനുള്ള നടപടി ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ട്, ആവശ്യമെങ്കിൽ പോലീസിനേയും ലഭ്യമാക്കി അത്തരം ആളുകളെ ഇറക്കാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളാറുണ്ട്.

ശ്രീ. എം. വി. ജയരാജൻ: 2003 ജൂലൈ 22-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി അബ്ദുൽ ഗഫൂർ കോടിക്കണക്കിന് രൂപ വിലയുള്ള വനഭൂമിയും മരങ്ങളും നഷ്ടപ്പെടുത്തുന്ന സർക്കാർ വക്കീൽ ശ്രീ. രാംപ്രസാദ് ഉണ്ണിയെ കേസ് നടത്തുന്നതിൽനിന്നും ഒഴിവാക്കണമെന്ന് പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ? ആ രണ്ടുകാര്യവും ഈ ഗവൺമെന്റിന്റെ കാലത്താണ്.

ശ്രീ. കെ. സുധാകരൻ: ശ്രീ. രാംപ്രസാദ് ഉണ്ണിയെ ഒഴിവാക്കണമെന്ന കാര്യം ഒരു ജഡ്ജ്മെന്റിലും ആരും പറഞ്ഞിട്ടില്ല. പക്ഷേ അദ്ദേഹം സ്വമേധയാ റിസൈൻ ചെയ്തുപോയി. അദ്ദേഹത്തിനുപകരം സിശീലാ ഭട്ട് എന്നുപറയുന്ന ജി. പി.-യെ നിശ്ചയിച്ചു കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly